തേലംപക പ്രദേശത്തെ വൈദ്യുതിവൽക്കരണ പ്രവർത്തനങ്ങൾ

115 (3516)ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ നൂൽപ്പുഴ പഞ്ചായത്തിലെ തേലംപക പ്രദേശങ്ങളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള പണികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ;

(ബി) തേലംപക പ്രദേശത്തെ വൈദ്യുതവൽക്കരണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ചു നടപടി കൈക്കൊള്ളുമോ;

(സി) ഇവിടെ വൈദ്യുതീകരണപ്രവർത്തനം തുടങ്ങിയത് ഏത് വർഷമാണ്;

(ഡി) വൈദ്യുതീകരണപ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനും ഇതിനാവശ്യമായ മെറ്റീരിയൽസ് ലഭ്യമാക്കുന്നതിനും നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഈ ജോലിയുടെ 11 കെ.വി. ലൈൻ വലിക്കുന്നഭാഗം പൂർത്തിയായിട്ടുണ്ട്. എൽ.ടി. പോസ്റ്റ് ഉയർത്തുന്ന ജോലിയും എൽ.ടി. ലൈൻ വലിക്കുന്ന ജോലിയും ഭാഗികമായി പൂർത്തിയായിട്ടുണ്ട്.

(ബി) ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച വന്നിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടി കൈക്കൊള്ളുന്നതാണ്.

(സി) 1995-ലാണ് ജോലി തുടങ്ങിയത്.

(ഡി) നടപടി കൈക്കൊള്ളുന്നതാണ്.

കവറടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

116 (3517)ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴക്കൂട്ടത്തെ മംഗലപുരം ഇലക്ട്രിക്കൽ സെക്ഷന്റെ അധികാര പരിധിയിൽ വരുന്ന കവറടി പ്രദേശവാസികൾ ദീർഘകാലമായി അനുഭവിച്ചു വരുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളുവാൻ വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുമോ?

ഉത്തരം

മംഗലപുരം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന കവറടി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 800 മീറ്റർ ഫെയ്സ് ലൈൻ വലിക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ജോലികളുടെ മുൻഗണനാ അടിസ്ഥാനത്തിൽ ഈ ജോലി ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly